ചെലവിട്ട് നടപ്പിലാക്കിയ 3.2 എം.എൽ.ഡി. ശേഷിയുള്ള ജലവിതരണ പദ്ധതിയിൽനിന്നും 1.5 എം.എൽ.ഡി. വെള്ളം വിഴിഞ്ഞം നിവാസികൾക്ക് നൽകി വരുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണ നടത്തിപ്പ് കാലഘട്ടത്തിൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്ന തദ്ദേശവാസികൾക്ക് 8.6 കോടി രൂപയുടെ പുനരധിവാസ പാക്കേജ് പരിസ്ഥിതി പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 250-ഓളം കക്കവാരൽ തൊഴിലാളികളെയും 75-ഓളം കമ്പവല തൊഴിലാളികളെയും സ്ഥിരമായി പുനരധിവസിപ്പിക്കുന്നതിനും രണ്ടായിരത്തോളം മറ്റ് മത്സ്യത്തൊഴിലാളികളെ നിർമ്മാണ കാലഘട്ടത്തിൽ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതിനും പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഉണരോക്താക്കളെ കണ്ടെത്തുന്നതിനായി ആർ.ഡി.ഒ. ചെയർമാനും ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയറക്ടർ കൺവീനറുമായി ഒരു അഞ്ചംഗ കമ്മിറ്റിയെ സംസ്ഥാന സർക്കാർ ഇതിനകംതന്നെ നിയോഗിച്ചുകഴിഞ്ഞു. ജില്ലാ കളക്ടർ ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായി മറ്റൊരു അഞ്ചംഗ അപ്പീൽ കമ്മിറ്റിയും സർക്കാർ 20-7-2015-ന് രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്ന 2015 നവംബർ ഒന്നിനോ അതിനുമുമ്പോ തന്നെ പ്രസ്തുത പുനരധിവാസം പൂർത്തീകരിക്കണമെന്ന് കമ്മിറ്റികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനുപരിയായി സെന്റർ ഫോർ എൻവയോൺമെന്റ് പ്ലാനിംഗ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റി മുഖാന്തരം നടത്തുന്ന ഗുരുതര നഗരവികസന മാതൃകാ റിപ്പോർട്ടിൽ അവർ നിർദ്ദേശിക്കുന്ന മറ്റ് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനുപുറമേ കേന്ദ്രഗവൺമെന്റിന്റെ സാഗര മാലാ പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ പ്രാദേശിക വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങളും സംസ്ഥാന സർക്കാർ നടത്തുന്നതാണ്. തുറമുഖ നിർമ്മാണത്തിനായുള്ള എഗ്രിമെന്റിൽ പുതിയ വ്യവസ്ഥകൾ കൂട്ടിച്ചേർക്കാൻ നിയമപരമായും സാങ്കേതികമായും ഇനി സാധ്യമല്ല എന്നിരുന്നാലും 2013-ലെ കമ്പനീസ് ആക്ട് പ്രകാരം അദാനി പോർട്ട്സ് രൂപീകരിക്കുന്ന തുറമുഖ കമ്പനി കാലാകാലങ്ങളിൽ കമ്പനി നിയമപ്രകാരമുള്ള നിയമാനുസൃത സി.എസ്.ആർ. പ്രവർത്തനങ്ങൾ നടത്താൻ ബാധ്യസ്ഥരാണ്. മെമ്പർ ചൂണ്ടിക്കാണിച്ച പ്രശ്നം ഗവൺമെന്റ് അതീവ ഗൗരവത്തോടെയാണ് കാണുന്നത്. അതിനുവേണ്ടി നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## 13. പട്ടുവം കടിഞ്ഞിൽ പദ്ധതി

മി. ചെയർമാൻ: ഇതേ വിഷയം സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷും നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെയിംസ് മാത്യു : സർ, കല്യാശ്ശേരി, അഴീക്കോട്, തളിപ്പറമ്പ് എന്നീ മൂന്ന് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്ന ഇരുപത്തിയാറായിരത്തിലധികംവരുന്ന ഗ്രണഭോക്താക്കൾക്ക് പ്രയോജനം കിട്ടുന്ന പട്ടുവം കുടിവെള്ള പദ്ധതിക്ക് 340 കോടി രൂപ ജിക്ക പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 1200 കിലോമീറ്റർ ദൂരം പൈപ്പ് ഇടുന്നതിനും ഇരുപത്തിയാ റായിരത്തോളം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനുമാണ് വിഭാവന ചെയ്തിരിക്കുന്നത്. കാലതാമസംമൂലം പൂർണ്ണമായ ആ പദ്ധതി നടപ്പാക്കാൻ സാധിച്ചില്ല. അതിന്റെ ഫലമായി ഒൻപതിനായിരത്തിനുതാഴെ ആളുകൾക്കുമാത്രമാണ് 340 കോടി രൂപ ചെലവഴിച്ചപ്പോഴും അതിന്റെ പ്രയോജനം സിദ്ധിച്ചത്. എന്നാൽ ഗവൺമെന്റ് 70 കോടി രൂപകൂടി വിനിയോഗിച്ചാൽ മൂന്ന് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന പ്രദേശത്തെ എതാണ്ട് പതിനെണ്ണായിരത്തോളമാളുകൾക്ക് കുടിവെള്ളം കിട്ടും. ഈ ആവശ്യകതയ്ക്കുവേണ്ടി നിരന്തരം മൂന്ന് എം.എൽ.എ.-മാരും പഞ്ചായത്ത് ഭരണസമിതിക്കാരുമുൾപ്പെടെ നടത്തിയ ശ്രമത്തിന്റെ ഫലമായി ഗവൺമെന്റ് 2014 ആഗസ്റ്റ് മാസം അറുപത്തിയൊമ്പത് കോടി മുപ്പത്തിരണ്ട് ലക്ഷം രൂപയ്ക്ക് ഈ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനുള്ള ഭരണാനുമതി നൽകി. അതിൽ 2015 ജൂൺ മാസം 15-ാം തീയതിക്കകം കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യണമെന്നാണ് സൂചിപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 2015 ജൂലൈ മാസമായി. ഈ കുടിവെള്ള പദ്ധതി കമ്മിഷൻ ചെയ്തില്ലെന്നുമാത്രമല്ല, നൽകിയ ഭരണാനുമതിപോലും പ്രാബല്യത്തിലില്ലെന്നാണ് ഇപ്പോൾ വ്യക്തമാക്കുന്നത്. പത്തുപന്ത്രണ്ട് പഞ്ചായത്തിലെ പ്രസിഡന്റുമാരും ഇരുപതിനായിരത്തോളം ആളുകളും ചേർന്ന് ഈ ഗവൺമെന്റിന്റെയും മന്ത്രിയുടേയും ഡിപ്പാർട്ട്മെന്റിന്റേയും മുമ്പാകെ എല്ലാ സ്വാധീനവും എല്ലാ സമ്മർദ്ദവും ചെലുത്തിയതായിരുന്നു. ഇതിന്റെ ഭാഗമായി ഞങ്ങൾ മൂന്ന് എം.എൽ.എ.-മാരും നാട്ടിലെ നിരവധി സ്ഥലങ്ങളിൽ പറഞ്ഞത് 'അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കിട്ടി, കുടിവെള്ളം നിങ്ങൾക്ക് ഉറപ്പായും കിട്ടും ഒരു പ്രയാസവുമില്ല' എന്നാണ്. ഇനി എങ്ങനെ നമുക്ക് ആളുകളുടെ മുഖത്ത് നോക്കാൻ സാധിക്കും? ജപ്പാൻകുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനിയും തുക കിട്ടിയാൽ പരിഗണിക്കുമെന്ന് ഇപ്പോൾ മന്ത്രി പറയുന്നു. ദയവ് ചെയ്ത് ആ നിലപാട് തിരുത്തി സർക്കാർ 69 കോടി രൂപ അനുവദിച്ച് ഇരുപതിനായിരത്തോളം ആളുകളുടെ കുടിവെള്ളം മുട്ടിക്കുന്ന ആ അവസ്ഥയ്ക്ക് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ജിക്ക ധനസഹായത്തോടെ നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട വിപുലീകരണം വളരെ ആവശ്യമാണെന്നകണ്ടതുകൊണ്ടാണ് 69.32 കോടി രൂപയുടെ ഭരണാനുമതി 28-8-2014-ന് നൽകിയത്. ജിക്കയുടെ കാലാവധി നീട്ടിക്കിട്ടുന്ന വിഷയമാണ് ഇവിടെയുള്ളത്. ഇത് കേന്ദ്രഗവൺമെന്റുമായി ടേക് അപ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റും ഡയറക്ടർ ഓഫ് ഇക്കണോമിക് അഫയേഴ്സും വഴി ജിക്കയുടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ഒരു പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടിയുള്ള ഇടപെടലാണിത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ അതോറിറ്റി എം.ഡി. ഉൾപ്പെടെയുള്ള ആളുകൾ കഴിഞ്ഞദിവസം ഡൽഹിയിൽ പോയി ചർച്ച നടത്തിയിരുന്നു. ഈ പദ്ധതിയിൽ നമുക്ക് അനുമതി കിട്ടുന്നില്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി ഇക്കാര്യം നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## 14. കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, എന്റെ നിയോജകമണ്ഡലത്തിലെ കടലോരവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. ഇക്കാര്യം ഞാൻ ഇതിനുമുമ്പ് രണ്ടുപ്രാവശ്യം ഉന്നയിച്ചതാണ്. രണ്ടുപ്രാവശ്യം ഉന്നയിച്ചപ്പോഴും ഇക്കാര്യം പരിശോധിക്കുന്നുണ്ട്, എസ്റ്റിമേറ്റ് ആക്കിയിട്ടുണ്ട്, അംഗീകാരം കൊടുക്കേണ്ടതു മാത്രമേയുള്ളൂ സാമ്പത്തിക പ്രശ്നമുണ്ട് എന്നുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. അങ്ങനെയുള്ള മറുപടി ഇപ്പോൾ നൽകരുതെന്ന് ഞാൻ ആദ്യമേ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞയാഴ്ച ഉദുമ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറ് കടപ്പുറത്ത് കടലിളക്കംകൊണ്ട് നമ്മുടെ നാട് മുഴുവൻ പോയി. ഹോസ്പിറ്റലിനുവേണ്ടി ഉണ്ടാക്കിയ കാറ്റാടി മരം മുഴുവൻ നശിച്ചു. അതിനിപ്പുറത്തുണ്ടായിരുന്ന സ്വകാര്യവ്യക്തികളുടെ തെങ്ങുകൾ മുഴുവൻ നശിച്ചു. അതിനുമപ്പുറത്ത് നമ്മുടെ പഞ്ചായത്തിലെ ടാറിട്ട റോഡുണ്ടായിരുന്നതുപോലും തകർന്നു. നാട്ടിൽ ജീവിക്കുന്ന ആളുകൾ മുഴുവൻ ഭീതിയോടെയാണ് കഴിയുന്നത്. അവിടെ കടൽഭിത്തി നിർമ്മിച്ച് അവിടത്തെ ജനങ്ങളുടെ കഷ്ടതയും ദുരിതത്തിനും പരിഹാരം കാണണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ പ്രധാനമായും ഉന്നയിക്കുന്നത്. തൊട്ടടുത്ത പ്രദേശമായ ചെമ്മനാട് പഞ്ചായത്തിലെ പെരിങ്കടിയിലും ഇതുതന്നെയാണ് പ്രശ്നം. ഈ രണ്ടുപ്രദേശങ്ങളിലും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ സമർപ്പിച്ചിരുന്നതാണ്. എന്നാൽ മന്ത്രി ഇതുവരെ സാങ്ഷൻ കൊടുത്തിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly